ടി.ബി. സെന്ററുകളിലെ മരുന്നു വിതരണം

141(1629)ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി.ടി. അഹമ്മദ് അലി
ശ്രീ. എം.കെ മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക ടി.ബി. സെന്ററുകളിൽ നിന്നും രോഗികൾക്ക് അതാത് ദിവസത്തേക്കുള്ള മരുന്ന് മാത്രമാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം മരുന്നു നൽകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇതുമൂലം രോഗികൾ എല്ലാ ദിവസവും മരുന്നിന് ക്യൂ നിന്ന് ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു മാസത്തേക്കുള്ള മരുന്നെങ്കിലും ഒന്നിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഴയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയിൽ രോഗികൾക്ക് ഒരു മാസത്തേക്കുള്ള മരുന്ന് ഒരുമിച്ച് കൊടുത്തുവിടുമായിരുന്നു. ഇത് രോഗികൾ കൃത്യമായി കഴിക്കാത്ത കാരണം ചികിത്സ പൂർത്തിയാക്കുന്നവർ 40%-ന് താഴെ ആയിരുന്നു. ഇതൊഴിവാക്കാനായി പരിഷ്ക്കരിച്ച ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയുടെ ചികിത്സാ മാർഗ്ഗനിർദ്ദേശപ്രകാരം ആദ്യത്തെ രണ്ടു മാസം ആഴ്ചയിൽ ഒന്നിടവിട്ട് മൂന്നു ദിവസം മാത്രം അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലോ, കുടുംബക്ഷേമ കേന്ദ്രത്തിലോ, അംഗൻ വാടിയിലോ പോയി അവരുടെ നേരിട്ടുള്ള നീരീക്ഷണത്തിൽ ആണ് മരുന്ന് കഴിക്കേണ്ടത്. തന്മൂലം ചികിത്സ പൂർത്തിയാക്കുന്നത് ഉറപ്പു വരുത്തുന്നതാണ്.

(സി) രോഗിയുടെ വീടിനടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിൽ മരുന്ന് എത്തിച്ചു വിതരണം നടത്തുന്നതുമൂലം രോഗികൾക്ക് കൂടുതൽ സൗകര്യപ്രദമായിട്ടാണ് തോന്നിയിട്ടുള്ളത്.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശം ഇതിനായി ലഭിക്കേണ്ടതുണ്ട്.

മെഡിക്കൽ കോളേജിലെ സ്കാനിംഗ് സംവിധാനം

141 (1629)ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഓരോന്നിലും എത്ര അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീൻ ഉണ്ടെന്നും ഇവയിൽ എത്ര എണ്ണം വീതം പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കാനിംഗ് നടത്താൻ വേണ്ടി ഒരു മാസം കഴിഞ്ഞുള്ള തീയതിയാണ് പല രോഗികൾക്കും നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം രോഗനിർണ്ണയത്തിനും മരുന്നു തീരുമാനിക്കുന്നതിനും വളരെ കാലതാമസം ഉണ്ടാകുന്നതും രോഗിയുടെ ജീവനുതന്നെ ഭീഷണിയാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മെഡിക്കൽ കോളേജുകളിലെ ഓരോ ആശുപത്രികളിലും ഒരു ദിവസം എത്ര പേർക്ക് സ്കാനിംഗ് നടത്തുന്നുണ്ട്;

(ഇ) കൂടുതൽ സ്കാനിംഗ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(എഫ്) മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി, സ്കാനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഫസ്റ്റ് റഫറൽ യൂണിറ്റുകളിലെ സൗകര്യങ്ങൾ

143 (1631) ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡി.എച്ച്.എസ്സ്-നു കീഴിൽ എത്ര ഫസ്റ്റ് റഫറൽ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എഫ്.ആർ.യുകൾ എന്നാണ് അനുവദിച്ചതെന്നും, അവ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) എഫ്. ആർ.യു കളിൽ എന്തൊക്കെ സൗകര്യങ്ങളാണ് രോഗികൾക്ക് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സൗകര്യങ്ങളെല്ലാം എഫ്.ആർ.യുകളിൽ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) എഫ്.ആർ.യുകളിൽ ആവശ്യമായ സൗകര്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഇതിനാവശ്യമായ തുക 2000-2001 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 70

(ബി) 12.2.'97-ലെ ജി.ഒ.ആർ.റ്റി.399/97/ആ.കു.വ. പ്രകാരം എഫ് ആർ.യു പ്രവർത്തനം ആരംഭിച്ചു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) നവജാതശിശുപരിരക്ഷ, ഗർഭിണികൾക്ക് പ്രസവ സംബന്ധമായ സൗകര്യങ്ങൾ ഇവ 24 മണിക്കൂറും ലഭ്യമാക്കുക എന്നതാണ് ഉദ്ദേശം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly